## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2428 — 05.11.2019 ൽ മറുപടിക്ക്

### വ്യവസായ സൗഹൃദമാക്കുന്നതിന് നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മുഹമ്മദ് മുഹസിൻ പി. : | | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കി മാറ്റുന്നതിന്റെ ഭാഗമായി വ്യവസായം ആരംഭിക്കുന്നതിനുള്ള നടപടിക്രമം ലഘൂകരിക്കുന്നതിനായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ), (ബി) & (സി) | വ്യവസായ പുരോഗതിയിലൂടെ സംസ്ഥാനത്ത് തൊഴിൽ അവസരങ്ങളും റവന്യൂ വരുമാനവും നേടുന്നതിനായി സംരംഭകരുടെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കേണ്ടതുണ്ട്. വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ വിവിധ അനുമതികൾ അതിവേഗം നൽകുന്നതിനായി നിലവിലെ നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തി "2018 ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റ്" നിലവിൽ വന്നു. വിവിധ വകുപ്പുകളിൽ നിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാകുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ എന്നിവയുമായി ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) നിലവിൽ വന്നിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഓൺലൈൻ സംവിധാനവും വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള പരിശോധനകളും ഫലപ്രദമായും സമയബന്ധിതമായും നടപ്പിലാക്കി വരുന്നു.<br>ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) 11.02.2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. ടി സംവിധാനം നിലവിൽ |
| (ബി) | ഇതിലൂടെ പുതിയ വ്യവസായ സംരംഭകരുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; | | |
| (സി) | സംസ്ഥാനത്ത് വ്യസായങ്ങൾക്ക് 30 ദിവസത്തിനുള്ളിൽ അനുമതി നൽകുന്നതിന് കെ സ്വിഫ്റ്റ് പ്രാവർത്തികമാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ? | | |

| | | | |
|---|---|---|---|
| | | | വന്നതിനുശേഷം നാളിതുവരെ ധാരാളം സംരംഭകർ രജിസ്റ്റർ ചെയ്യുകയും 324 കോമൺ ആപ്ലിക്കേഷൻ ഫോറം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 30 ദിവസത്തിനുള്ളിൽ തന്നെ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി 128 ക്ലിയറൻസുകൾ കെ-സ്വിഫ്റ്റ് മുഖേന നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**